# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വലപ്പാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി 16)1353/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 17/03/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വലപ്പാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി 16)1353/2021 തീയ്യതി: 17/03/2022

## തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 06-09-2021 | 17-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-09-2021 | 17-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ശിവൻ. പി. എ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
ശ്രീ. ബേബി.പി. വി, ഓഡിറ്റ് ഓഫീസർ
ശ്രീ. സുനിൽകുമാർ. കെ. സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. വിദ്യ. ഒ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. രഞ്ജിത്ത്. പി. ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഇ.കെ.തോമസ് മാസ്റ്റർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി ഷീല.എം.ബി | സെക്രട്ടറി | 01-04-2019 | 06-05-2019 |
| ശ്രീ.സനീഷ് കെ വി (ഇൻ ചാർജ്ജ്) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-05-2019 | 16-07-2019 |
| ശ്രീമതി. ജോയ്സി വർഗ്ഗീസ് | സെക്രട്ടറി | 17-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സനീഷ് കെ. വി | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ആശ കെ എസ് | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഫാജിത റഹ്മാൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ഫാത്തിമ സുഹറ | മെഡിക്കൽ ഓഫീസർ. സി.എച്ച്. സി | 01-04-2019 | 31-03-2020 |
| ഡോ. എസ്. ജയദീപ് | മെഡിക്കൽ ഓഫീസർ. ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ. സി. കെ. സിൽവൻ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| രജനി. കെ.പി. | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| അജിത്ത് രാജ്കുമാർ | വി. ഇ. ഒ. (വലപ്പാട് സർക്കിൾ) | 01-04-2019 | 31-03-2020 |
| സെറീന. കെ. എച്ച്. | വി. ഇ. ഒ. (എടമുട്ടം സർക്കിൾ) | 01-04-2019 | 31-03-2020 |
| വൈദേഹി. കെ. ആർ. | ഐ. സി. ഡി. എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ. ഗീതകുമാരി | മെഡിക്കൽ ഓഫീസർ. ഹോമിയോ | 01-04-2019 | 31-05-2019 |
| ഡോ. ബിജു മോഹൻ | മെഡിക്കൽ ഓഫീസർ. ഹോമിയോ | 01-06-2019 | 31-03-2020 |
| സ്മൃതി. ടി. വി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ജീന ഗോപിനാഥ് | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.A.Sivan (Audit Officer, On 18-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Vidhya O.K (Senior Grade Auditor, On 08-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം)<br>Written By: Vidhya O.K (Senior Grade Auditor, On 08-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: SunilKumar K C (Asst. Audit Officer, On 18-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Vidhya O.K (Senior Grade Auditor, On 08-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: SunilKumar K C (Asst. Audit Officer, On 09-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-6 |
| 7 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Ranjith P.R (Auditor, On 18-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-7 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: SunilKumar K C (Asst. Audit Officer, On 09-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: P.A.Sivan (Audit Officer, On 20-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവിരം<br>Written By: P.A.Sivan (Audit Officer, On 18-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-10 |
| 11 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: P.A.Sivan (Audit Officer, On 17-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-11 |
| 12 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ തുകകൾ പൊരുത്തപ്പെടുന്നില്ല.<br>Written By: P.A.Sivan (Audit Officer, On 17-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-12 |
| 13 | വസ്തുനികുതി - ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് രേഖപ്പെടുത്തൽ നടത്തുന്നില്ല<br>Written By: Vidhya O.K (Senior Grade Auditor, On 16-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-13 |
| 14 | വസ്തു നികുതി - ഡിസിബി കണക്കുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല<br>Written By: Vidhya O.K (Senior Grade Auditor, On 16-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-14 |
| 15 | എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിൽ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.<br>Written By: Vidhya O.K (Senior Grade Auditor, On 16-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-15 |
| 16 | Prior Period Items - എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ഇല്ല. | 1-16 |

| | | |
|---|---|---|
| | Written By: Vidhya O.K (Senior Grade Auditor, On 16-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | |
| 17 | ജേണൽ വൌച്ചറുകൾക്ക് ആധികാരികമായ വൌച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.<br>Written By: Vidhya O.K (Senior Grade Auditor, On 16-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-17 |
| 18 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Vidhya O.K (Senior Grade Auditor, On 16-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-03-2022) | 1-18 |
| 19 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.<br>Written By: Vidhya O.K (Senior Grade Auditor, On 16-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-19 |
| 20 | വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ<br>Written By: Ranjith P.R (Auditor, On 17-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-20 |
| 21 | ലൈസൻസില്ലാതെ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Ranjith P.R (Auditor, On 17-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-21 |
| 22 | ലൈസൻസ് അനുവദിക്കുമ്പോൾ യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിനുള്ള ഫീസ് ഈടാക്കുന്നില്ല.<br>Written By: Ranjith P.R (Auditor, On 17-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-03-2022) | 1-22 |
| 23 | ഓഡിറ്റോറിയങ്ങൾക്കു ലൈസൻസ് എടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Ranjith P.R (Auditor, On 17-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-23 |
| 24 | ലേല ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.<br>Written By: Ranjith P.R (Auditor, On 17-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-24 |
| 25 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല<br>Written By: Ranjith P.R (Auditor, On 18-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-25 |
| 26 | വാടകക്കുടിശ്ശിക അടവാക്കിയിട്ടില്ല<br>Written By: Ranjith P.R (Auditor, On 17-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-26 |
| 27 | വിമുക്ത ഭടൻമാർക്കുള്ള നികുതിയിളവ് - വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്<br>Written By: Ranjith P.R (Auditor, On 20-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-27 |
| 28 | മൊബൈൽ ടവർ പെർമിറ്റ് നൽകിയത് - തുടർനടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Ranjith P.R (Auditor, On 21-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-28 |
| 29 | ലാപ്ടോപ്പ് പർച്ചേസ് - ഒറിജിനൽ ബിൽ ഹാജരാക്കേണ്ടതാണ്. 227030/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Vidhya O.K (Senior Grade Auditor, On 19-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-29 |
| 30 | ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കേണ്ടതാണ്<br>Written By: Vidhya O.K (Senior Grade Auditor, On 19-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-03-2022) | 1-30 |
| 31 | ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: P.V.Baby (Audit Officer, On 17-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-31 |
| 32 | സ്പോർട്ട്സ് കിറ്റ് - പരിധിയിലധികം തുക വിനിയോഗിച്ചു - മാർഗ്ഗരേഖയ്ക്ക് | 1-32 |

| | | |
|---|---|---|
| | വിരുദ്ധമായി ചെലവഴിച്ച തുക 14926/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു<br>Written By: P.V.Baby (Audit Officer, On 17-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | |
| 33 | മരുന്നുകൾ ലഭ്യമാകാൻ കാലതാമസം വരുന്നു - സത്വര നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Vidhya O.K (Senior Grade Auditor, On 21-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-33 |
| 34 | എ ബി സി പ്രോഗ്രാമിന് തുക നല്കൽ<br>Written By: SunilKumar K C (Asst. Audit Officer, On 19-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-34 |
| 35 | കന്നുകുട്ടി പരിപാലന പദ്ധതി<br>Written By: SunilKumar K C (Asst. Audit Officer, On 19-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-35 |
| 36 | കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 24-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-03-2022) | 1-36 |
| 37 | പ്രൈസ് സോഫ്റ്റ് വെയറിൽ അധിക ഓവർഹെഡ് ചാർജ് തയ്യാറാക്കുന്നതുമൂലം അധികച്ചെലവ്<br>Written By: P.A.Sivan (Audit Officer, On 24-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-37 |
| 38 | തൊഴിലുറപ്പുപദ്ധതി - അവലോകനം<br>Written By: P.A.Sivan (Audit Officer, On 24-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-38 |
| 39 | കപ്പാറിമക്ക് - തൊഴിലുറപ്പുപദ്ധതി നിരക്കും പൊതുമരാമത്തു നിരക്കും തമ്മിൽ ഗണ്യമായ അന്തരം<br>Written By: P.A.Sivan (Audit Officer, On 24-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-39 |
| 40 | പദ്ധതിപ്രവർത്തനവും പദ്ധതിച്ചെലവും - ക്രിയാത്മക നടപടികൾ പദ്ധതിപ്രവർത്തനങ്ങളിൽ അവലംബിക്കേണ്ടതാണ്<br>Written By: P.A.Sivan (Audit Officer, On 24-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-40 |
| 41 | ആസ്തി രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിക്കേണ്ടതാണ്<br>Written By: P.A.Sivan (Audit Officer, On 24-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 1-41 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: SunilKumar K C (Asst. Audit Officer, On 09-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: SunilKumar K C (Asst. Audit Officer, On 09-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Vidhya O.K (Senior Grade Auditor, On 08-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Vidhya O.K (Senior Grade Auditor, On 08-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 4-4 |

| | | |
|---|---|---|
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: SunilKumar K C (Asst. Audit Officer, On 09-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-03-2022) | 4-5 |
| 6 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Vidhya O.K (Senior Grade Auditor, On 08-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: SunilKumar K C (Asst. Audit Officer, On 09-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Vidhya O.K (Senior Grade Auditor, On 08-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: SunilKumar K C (Asst. Audit Officer, On 09-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Vidhya O.K (Senior Grade Auditor, On 08-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 15-03-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 21.02.2019, തീരുമാനം 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 306610722 | 267031840 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 10.02.2020 തീരുമാനം 23(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 263737030 | 229173841 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31.07.2020 | 08.06.2020 |

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 29005438.99 |
| വരവ് | 72623817 |
| ആകെ | 101629255.99 |
| ചെലവ് | 70763597 |
| നീക്കിയിരിപ്പ് | 30865658.99 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ (ACR പ്രകാരം) | 0 | 24474800 | 24474800 | 17762670 | 6712130 |
| വികസന ഫണ്ട് എസ് സി പി (ACR പ്രകാരം) | 0 | 2984000 | 2984000 | 1733433 | 1250567 |
| മെയിന്റനൻസ് റോഡ് (ACR പ്രകാരം) | 0 | 15364000 | 15364000 | 7405740 | 7958260 |
| മെയിന്റനൻസ് നോൺ റോഡ് (ACR പ്രകാരം) | 0 | 5528000 | 5528000 | 1998854 | 3529146 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 12768148 | 12768148 | 4588548 | 8179600 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 177 | 115806589 | 105 | 50162288 | 61 | 11 | 59% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2081 | 1389003 | 1391084 | 1391016 | 68 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 29442100 | 29442100 | 29442100 | 0 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.09.2021 തീയതിയിൽ 3.05 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18701/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1680 | 1 |
| കർഷക തൊഴിലാളി പെൻഷൻ | 1362000 | 252 |
| വിധവാ പെൻഷൻ | 8525400 | 1515 |
| വാർദ്ധക്യകാല പെൻഷൻ | 15637800 | 2918 |
| വികലാംഗ പെൻഷൻ | 2292700 | 405 |
| 50 വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 855000 | 148 |

## 1-9 ആഭ്യന്തരനിയന്ത്രണം

വൗച്ചറുകളെല്ലാം അടുക്കും ചിട്ടയോടും കൂടി സൂക്ഷിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. ഗ്രാമസഭാ മിനിറ്റ്സിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് ചർച്ച ചെയ്യുതായി രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ ഇനിയും കാലികമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. വർക്കിങ് ഗ്രൂപ്പുകൾ മോണിറ്ററിങ് നടത്തിയതിന്റെ വിവരങ്ങൾ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അസി. സെക്രട്ടറി, അസി. എൻജിനീയർ എന്നിവർ ഒഴികെയുള്ള നിർവഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രൊജക്റ്റുകളിലൊന്നും തന്നെ മോണിറ്ററിങ് റിപ്പോർട്ട് ഉള്ളടക്കം ചെയ്തിട്ടില്ല. ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കുന്നത് സംബന്ധിച്ച രജിസ്റ്റർ ആവശ്യമായ വിവരങ്ങൾ ചേർത്ത് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. നിർമാണപ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പ് വരുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 22.02.2019 | ജനവരി 2019 | 31.03.2019 |
| എ ജി ഓഡിറ്റ് | 28.06.2012 | 2007-08 മുതൽ 2011-12 വരെ | 16.08.2012 |

## 1-11 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-12 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ തുകകൾ പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1860220 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 13663064/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-13 വസ്തുനികുതി - ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് രേഖപ്പെടുത്തൽ നടത്തുന്നില്ല

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതിത്തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ

വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ വലപ്പാട് ഗ്രാമപഞ്ചായത്തിൽ 247 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2019-20ലെ “110100101 – Property Tax On Residential Building” എന്ന ശീർഷകത്തിലേയും “110100103 – Property Tax On Non Residential Building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് 2 തവണ മാത്രം (01.04.2019, 19.09.2019 എന്നീ തീയ്യതികളിൽ) രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്ക് സാധൂത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ” സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ഡിമാന്റ് എൻട്രികൾക്ക് സാധൂത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-14 വസ്തു നികുതി - ഡിസിബി കണക്കുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1) തൻവർഷം

1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3510354 | 3402842 | 104585 | 24203 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3510354 | 3521091 | 162454 | *24220 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101- Advance Collection- PT On Res. Bldg-ന്റെ ലെഡ്ജർ) | *(25431/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

I. ക്രമീകരിച്ച മുൻകൂർ തുക പൊരുത്തപ്പെടുന്നില്ല.

II. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് - (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3055352 | 2554392 | 107908 | 403474 |
| വാർഷികകണക്കിലെ | 3055352 | 2379841 | 110758 | *403483 |

| | | | | |
|---|---|---|---|---|
| | | | | |
| വിവിധ പത്രികകൾ പ്രകാരം | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(423657/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

I. ക്രമീകരിച്ച മുൻകൂർ തുക പൊരുത്തപ്പെടുന്നില്ല.

II. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2) കുടിശ്ശിക

2.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 345432 | 320212 | 36363 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *343926 | 328070 | **36416 |
| | *(2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (226629+134493/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (38237/105X100) =36416, ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

I. ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

II. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1456471 | 335646 | 1126343 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *1467940 | 325831 | **1126372 |
| | (2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(473191+1068146/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(1182691/105X100) ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

I. ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

II. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

3) ലൈബ്രറി സെസ്സ് (തൻവർഷം + കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 179416 | 18274 | 197690 | 173220 | 16389 | 189609 | 5819 | | 1228 | 1874 | 3102 |
| | നോൺ-റെസിഡൻഷ്യൽ | 154402 | 73132 | 227534 | 128460 | 16836 | 145296 | 5547 | | 20183 | 56348 | 76531 |
| | ആകെ | | | 425224 | | | 334896 | 11366 | | 79633 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 316779 | | | 331880 | | | | 314846 | 79633 | | |
| | | 2018-19ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 – State Govt. Cess/levies...... ലെഡ്ജർ 2019-20) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36 (വരവ്)) | | | | (431910101 -State Govt. Cess/levies...... ലെഡ്ജർ 2019-20) | ലെഡ്ജർ പ്രകാരം 83725/- രൂപയാണ്. (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

I. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

II. ഡിമാന്റ്, കളക്ഷൻ, മുൻകൂർ ക്രമീകരിച്ചത് എന്നിവ പൊരുത്തപ്പെടുന്നില്ല.

III. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 331880 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 334896 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല.

## 1-15 എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിൽ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. മറിച്ച് വാർഷികകണക്കിലെ വിവിധ പത്രികകളിലെ വർഷാന്ത്യ തുകകൾ പ്രിന്റ് എടുത്ത് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിന് ഹാജരാക്കുകയാണ് ചെയ്തിരിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ഡി & ഒ ഡിമാന്റ് രജിസ്റ്റർ

## 1-16 Prior Period Items - എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ഇല്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2020ലെ ലെഡ്ജർ ബാക്കി |
|---|---|

| | |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | (198680) |
| 280100104-Prior Period Income-Property Tax On Non Residential Buildings | (11179) |
| 280800201-Prior Period Administrative Expense | (27750) |
| 280100102-Prior Period Income-Profession Tax- Institutions/Professionals/Traders | (41796) |
| 280200401-Prior Period Income-Other Income | (311813) |
| 280600499-Prior Period Expense - Remission And Refund- Other Income | (6645) |

## 1-17 ജേണൽ വൌച്ചറുകൾക്ക് ആധികാരികമായ വൌച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7). ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-18 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-19 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| ശീർഷകം | മുന്നിരിപ്പ് | വരവ് | നീക്കിയിരിപ്പ് |
|---|---|---|---|
| 320200309-Literacy Scheme Grant | 55933 | 2847 | - |
| 320200308- Literacy Grant | 0 | 11640 | - |
| 320200301 | 0 | 945750 | - |

## 1-20 വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ സ.ഉ.(പി)നം.80/2017 (SRO No.674/2017) പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ നൽകൽ എന്നാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്.

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ച് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ടോ എന്ന ഓഡിറ്റ് എൻക്വയറിക്ക് (നം.7/11.08.2021), 08.07.2019 ലെ 22(1) നമ്പർ തീരുമാനപ്രകാരം ഇത്തരത്തിൽ തീരുമാനം എടുത്തിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ധാരാളം സ്ഥാപനങ്ങൾ 2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ ലൈസൻസിനായി പഴയ മാതൃകയിലുള്ള അപേക്ഷകളാണ് സമർപ്പിച്ചിട്ടുള്ളത്. അപേക്ഷകളിൽ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. 31.10.2017 ന് ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് നിലവിൽ വന്നിട്ടും 08.07.2019 ലാണ് ഭരണസമിതി തീരുമാനം എടുത്തത്. ആയതിനാലാണ് ഇത്തരത്തിലുള്ള അപാകതകൾ സംഭവിച്ചിട്ടുള്ളതെന്ന മനസ്സിലാകുന്നു. ചട്ട വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ലൈസൻസില്ലാതെ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന

2019-20 വർഷത്തെ ഡി ആന്റ് ഓ ലൈസൻസ് രജിസ്റ്റർ, സ്വകാര്യ ആശുപത്രികളുടെയും പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും രജിസ്ട്രേഷൻ ഫീസ് അടവാക്കിയിട്ടുള്ള താഴെ പറയുന്ന ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിന്നും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി വ്യക്തമായിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | കൃപ ഹോമിയോ ക്ലിനിക്, കോതകുളം |
| 2 | പാർത്ഥാസ് ഡെന്റൽ ക്ലിനിക്, എടമുട്ടം |
| 3 | ആൽഫ പാലിയേറ്റിവ് കെയർ |
| 4 | നാഷണൽ ക്ലിനിക്കൽ ലാബോറട്ടറി, വലപ്പാട് |
| 5 | യൂണികെയർ ഫിസിയോ തെറാപ്പി സെന്റർ, വലപ്പാട് |
| 6 | സുപ്രീം ഡെന്റൽ ക്ലിനിക് |

ആയതിനു വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/14.09.2021) മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലൈസൻസ് ഇല്ലാതെ, ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ല എന്ന ഉറപ്പ് വരുത്തേണ്ടതാണ്.

## 1-22 ലൈസൻസ് അനുവദിക്കുമ്പോൾ യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിനുള്ള ഫീസ് ഈടാക്കുന്നില്ല.

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 12(2) പ്രകാരം ലൈസൻസിനു വേണ്ടിയുള്ള അപേക്ഷകളിൽ ഫാക്ടറിയിലോ വർക്ക് ഷോപ്പിലോ ഭൂമിയിലോ ഉപയോഗിക്കുന്ന യന്ത്രസാമഗ്രി, അതിന്റെ ശക്തി എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉണ്ടായിരിക്കണം. എന്നാൽ പഞ്ചായത്തിൽ ലൈസൻസിനായി അപേക്ഷിക്കുന്ന പല അപേക്ഷകളിലും പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തുന്നതായോ ആയതിനനുസരിച്ചുള്ള ഫീസ് (യന്ത്രത്തിന്റെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ) ഈടാക്കുന്നതായോ കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | യന്ത്രങ്ങളുടെ കുതിരശക്തി (HP) |
|---|---|---|---|
| 1 | കാരയിൽ മിൽസ് | 12/2 | 10 |
| 2 | സിറ്റി സോ മിൽ | 2/569 | 25 |
| 3 | സിദ്ധാർത്ഥാ ആയുർവേദ മരുന്ന് നിർമ്മാണം | 19/99,100,101 | ലഭ്യമല്ല |
| 4 | വുഡ്പെക്കേഴ്സ് സോ മിൽ | 4/72 | ലഭ്യമല്ല |
| 5 | ശ്രീ അയ്യപ്പാ ഫ്ലോർ മിൽ | ലഭ്യമല്ല | 7.5 |
| 6 | മണപ്പുറം ഫിനാൻസ് പ്രിന്റിംഗ് പ്രസ്സ് | 4/637 | ലഭ്യമല്ല |
| 7 | മഹിമ റബ്ബർ പ്രോഡക്ട്സ് | 10/463 | 55 |
| 8 | ഹെയ്മ സോളിഡ് ബ്രിക്സ് &ബിൽഡിംഗ് മെറ്റീരിയൽസ് | 5/345 A | 9 |

ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/20-21/14.09.2021), ഇത്തരത്തിലുള്ള സ്ഥാപനങ്ങളുടെ മെഷീനറി ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ചട്ട വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ഓഡിറ്റോറിയങ്ങൾക്കു ലൈസൻസ് എടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

2017-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ഓർഡിനൻസിനെ തുടർന്ന് കേരള സംസ്ഥാനത്ത് 2018- ൽ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (രണ്ടാംനമ്പർ) ആക്ട് 2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ നിലവിൽ വരികയുണ്ടായി. 2018 ലെ ഈ നിയമവ്യവസ്ഥ പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 232, 233, 233 എ എന്നീ വകുപ്പുകൾക്ക് ചില ഭേദഗതികൾ അംഗീകരിച്ചിട്ടുള്ളതാണ്. മേൽ വിവരിച്ച നിയമഭേദഗതികളെ തുടർന്ന് 1996- ലെ കേരള പഞ്ചായത്ത് രാജ് (Issue Of Licence To Dangerous And Offensive Trades And Factories) Rules 1996 ന് 2017-ൽ ഭേദഗതി വരുത്തുകയും പ്രസ്തുത ചട്ടങ്ങളെ കേരള പഞ്ചായത്ത് രാജ് (Issue Of Licence To Factories, Trades, Entrepreneurship And Other Services) എന്നാക്കി പുനർനാമകരണം ചെയ്തിട്ടുള്ളതുമാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 232, 233 എന്നീ വകുപ്പുകൾ പ്രകാരം ചട്ടത്തിൽ പ്രത്യേകം ഒഴിവാക്കിയിട്ടില്ലാത്ത പക്ഷം യാതൊരു കാര്യത്തിലും പഞ്ചായത്ത് പ്രദേശത്തെ സ്ഥലം സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെ ഉപയോഗപ്പെടുത്താൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന ഓഡിറ്റോറിയങ്ങൾക്ക് ലൈസൻസ് ഫീസ് ചുമത്തിയിട്ടില്ലാത്തതാണ്.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഓഡിറ്റോറിയത്തിന്റെ/ ഉടമയുടെ പേര് |
|---|---|---|
| 1 | 15/354 | ജോയ്സി നെടിയിരുപ്പിൽ |
| 2 | 14/572 | രാജേശ്വരി ഓഡിറ്റോറിയം |
| 3 | 11/419 | ശ്രീനാരായണ സുദർശന സഭ ഹാൾ |
| 4 | 11/326 | ഗീത മനോഹരൻ, ലാൽ മനോഹരൻ, സന്ദീപ് മനോഹരൻ, ലക്ഷ്മി മനോഹരൻ |
| 5 | 10/525 | പ്രസന്നൻ കമ്മാറ |
| 6 | 10/472 A | അബ്ദുൾ മനാഫ് |
| 7 | 3/155 A(UA) | ഭാവന ഓഡിറ്റോറിയം |
| 8 | 2/231 | അരയാമ്പറമ്പിൽ ടെമ്പിൾ ഓഡിറ്റോറിയം |
| 9 | 2/100 | ഭാസി & അതേഴ്സ്, തെക്കിനിയേടത്ത് |
| 10 | 2/101 | കതിരേശൻ തെക്കിനിയേടത്ത് |

ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/16.09.2021), 1996 ലെ പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) 3-ാം ചട്ടം, പട്ടിക 1 പ്രകാരം ഓഡിറ്റോറിയങ്ങൾ/കല്യാണമണ്ഡപങ്ങൾ എന്നിവ ലൈസൻസ് അനുവദിക്കേണ്ട സ്ഥാപനങ്ങളിൽ ഉൾപ്പെടുന്നില്ലെന്നും, ടി പട്ടികയിൽ മേൽ സ്ഥാപനങ്ങളെ ഉൾപ്പെടുത്തുന്ന പക്ഷം ലൈസൻസ് എടുക്കുന്നിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ ഉപയോഗത്തിനനുസൃതമായി ജൈവ/അജൈവ മാലിന്യങ്ങൾ ഉൽപ്പെടുകയും ചെയ്യുന്ന സ്ഥാപനങ്ങളാണ്. ആയതിനാൽ ഓഡിറ്റോറിയങ്ങൾ/കല്യാണമണ്ഡപങ്ങൾ എന്ന വാക്ക് പ്രസ്തുത പട്ടികയിൽ ഉൾപ്പെടുന്നില്ലെങ്കിലും അവയുടെ പൊതുവായ സ്വഭാവം അനുസരിച്ച് ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളിൽ ഉൾപ്പെടുത്താവുന്നതുമാണ്. മാത്രമല്ല, 22.07.2017 ലെ സർക്കാർ ഉത്തരവ് 2511/2017 /ത.സ്വ.ഭ.വ പ്രകാരം, ഡി ആന്റ് ഒ ലൈസൻസിനു അപേക്ഷിക്കുന്ന ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണമണ്ഡപങ്ങൾ/വിവാഹ ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ മുതലായ സ്ഥാപനങ്ങൾ ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിനു അനുയോജ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെങ്കിൽ മാത്രമേ ഡി ആന്റ് ഒ ലൈസൻസ് നൽകാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ നിന്നും ഓഡിറ്റോറിയങ്ങൾ ലൈസൻസ് അനുവദിക്കേണ്ട സ്ഥാപനങ്ങളിൽ ഉൾപ്പെടുന്ന എന്ന വ്യക്തമാണ്. പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ഓഡിറ്റോറിയങ്ങൾ/കല്യാണമണ്ഡപങ്ങൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീ ഈടാക്കേണ്ടതും പഞ്ചായത്തിനു കീഴിൽ ലൈസൻസ് ഇല്ലാതെ ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നു ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-24 ലേല ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2019-20 സാമ്പത്തിക വർഷത്തെ ലേലം രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും മണ്ണ് ലേലം ചെയ്ത ഇനത്തിൽ 18050/- രൂപയുടെയും മരം ലേലം ചെയ്ത ഇനത്തിൽ 13600/- രൂപയുടെയും വരവ് ലഭ്യമായിട്ടുണ്ട്. എന്നാൽ ഇതിന്റെ സാധുത പരിശോധിക്കാനുള്ള ഫയലുകൾ ലഭ്യമാക്കിയിട്ടില്ല. ഫയൽ ലഭ്യമാക്കാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ 31650/- രൂപയുടെ വരവിന്റെ കൃത്യത പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട ഫയലും അനുബന്ധ രേഖകളും ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 11/14.09.2021)

## 1-25 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്. 2020-21 വർഷത്തെ ലൈസൻസിനായി സ്ഥാപനങ്ങൾ പഞ്ചായത്തിൽ സമർപ്പിച്ച ഡി ആന്റ് ഒ അപേക്ഷകളിൽ, പ്രസ്തുത സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ചില സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | കലാന ഫിഷ് | 6 |
| 2 | സിദ്ധാർത്ഥാ ആയുർവേദിക്സ് | 6 |
| 3 | രുഗ്മ സിമന്റ് ബ്രിക്സ് ഇൻഡസ്ട്രീസ് | 6 |
| 4 | മാമ്പ്രാ ഫ്യൂവൽസ് | 9 |
| 5 | എ-1 ഡിസൈനർ ടൈൽസ് | 7 |
| 6 | ശ്രവ്യ സ്പീച്ച് & ഹിയറിംഗ് ക്ലിനിക് | 10 |
| 7 | മഹിമ റബ്ബർ പ്രോഡക്ട്സ് | 8 |
| 8 | നീതി മെഡിക്കൽ സ്റ്റോർ | 12 |

| | | |
|---|---|---|
| 9 | മണപ്പുറം ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ് (പ്രിന്റിംഗ് പ്രസ്സ്) | 21 |

എന്നാൽ മേൽ പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/14.09.2021) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 വാടകക്കുടിശ്ശിക അടവാക്കിയിട്ടില്ല

2019-20 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങളിൽ നിന്നുള്ള വാടകക്കുടിശ്ശിക ലഭ്യമായതായി കാണുന്നില്ല.

1. 2018-19 സാമ്പത്തിക വർഷത്തെ 4/286 നമ്പർ കെട്ടിടത്തിന്റെ എട്ട് മാസത്തെ വാടകക്കുടിശ്ശികയും (GST യും പ്രളയ സെസ്സും ഉൾപ്പടെ) പിഴപ്പലിശയും ശ്രീ മോഹനൻ എൻ കെ എന്ന വ്യക്തിയിൽ നിന്നും ഈടാക്കിയിട്ടില്ല.

2. 4/198 നമ്പർ കെട്ടിടം വാടകക്കെടുത്ത (3723/month) രാമചന്ദ്രൻ തെക്കിനിയേടത്ത് എന്ന വ്യക്തി 2019-20 സാമ്പത്തികവർഷം വാടക അടവാക്കിയിട്ടില്ല.

3. 4/179 നമ്പർ കെട്ടിടം വാടകക്കെടുത്ത (926/month) മോഹനൻ പട്ടാലി എന്ന വ്യക്തി ജനവരി 2020 മുതൽ മാർച്ച് 2020 വരെയുള്ള വാടക അടവാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/14.09.2021) ശ്രീ മോഹനൻ എൻ കെ എന്ന വ്യക്തിയിൽ നിന്നും വാടകക്കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ശ്രീ രാമചന്ദ്രൻ തെക്കിനിയേടത്ത്, ശ്രീ മോഹനൻ പട്ടാലി എന്നീ വ്യക്തികൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശ ചെയ്തിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇതിൻമേലുള്ള തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 വിമുക്ത ഭടൻമാർക്കുള്ള നികുതിയിളവ് - വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്

26.05.2017 ലെ സ.ഉ(കൈ) നം.106/2017/തസ്വഭവ പ്രകാരം വസ്തു നികുതി ഒടുക്കുന്നതിൽ നിന്നും നികുതി ഒഴിവ് ലഭ്യമാക്കുന്നതിന് ഓരോ വർഷവും മാർച്ച് 31 ന മുമ്പ് നിശ്ചിത മാതൃകയിൽ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്. 2019-20, സാമ്പത്തിക വർഷത്തിൽ സഞ്ചയയിൽ നിന്നുള്ള ലിസ്റ്റ് പ്രകാരം ആകെ 107 വിമുക്ത ഭടൻമാർക്ക്/അവരുടെ ഭാര്യമാർക്ക് വസ്തുനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവ് നൽകിയിട്ടുള്ളതാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ ആകെ 50 പേർ മാത്രമേ അപേക്ഷകൾ സമർപ്പിച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകാരം ലഭ്യമാക്കിയതായി കാണുന്നുള്ളൂ.
വിമുക്ത ഭടൻമാരുടെ നികുതി ഒഴിവ് സംബന്ധിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടങ്ങൾ Exemption Period Continue Status ൽ കിടക്കുന്നതുകൊണ്ടാണ് ഈ അപാകത സംഭവിച്ചിട്ടുള്ളതെന്നും തുടർ വർഷങ്ങളിൽ ഈ അപാകത പരിഹരിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് (20/20-21/16.09.2021) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. യഥാസമയം അപേക്ഷ സ്വീകരിക്കേണ്ടതും അതതു വർഷത്തേക്കുമാത്രം നികുതി ഒഴിവാക്കേണ്ടതുമാണ്.

## 1-28 മൊബൈൽ ടവർ പെർമിറ്റ് നൽകിയത് - തുടർനടപടി സ്വീകരിക്കേണ്ടതാണ്

A3-1081/20 തീയതി 12.03.2020 പ്രകാരം റിലയൻസ് ജിയോ ഇൻഫ്രാടെലിന് പെർമിറ്റ് നൽകിയിട്ടുണ്ട്. (ബിൽറ്റ് അപ്പ് വിസ്തീർണ്ണം - OD BTS-2.91 ച.മീ., DG-2.94 ച.മീ., Tower – 21.62 ച.മീ.) പെർമിറ്റ് കാലാവധി 11.03.2021 തീയതി വരെയാണ്. ടവറിന് നാളിതുവരെ വസ്തുനികുതി നിർണ്ണയിച്ചു നൽകിയിട്ടില്ല. ടി ടവർ പരിശോധന നടത്തി പ്രവർത്തിക്കുന്നുണ്ടെങ്കിൽ കംപ്ലീഷൻ കാലയളവ് മുതൽ വസ്തുനികുതി നിർണയിക്കേണ്ടതും അല്ലാത്ത പക്ഷം പെർമിറ്റ് പുതുക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 23/17.09.2021)

## 1-29 ലാപ്ടോപ്പ് പർച്ചേസ് - ഒറിജിനൽ ബിൽ ഹാജരാക്കേണ്ടതാണ്. 227030/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 13/19-20 |
| | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഫിഷറീസ് ഇൻസ്പെക്ടർ |
| അടങ്കൽ | 227030/- (വികസന ഫണ്ട്) |
| ചെലവ് | 227030/- |
| വൗച്ചർ നമ്പർ/ബിൽ നമ്പർ | 21901423/13.01.2020 തുക 227030/- |

പ്രസ്തുത പദ്ധതി മുഖേന 10 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. 6.8.2019 തീയതിയിലെ 8/7 നം. തീരുമാന പ്രകാരം ടെണ്ടർ ക്ഷണിച്ചതിൽ കുറവ് രേഖപ്പെടുത്തിയിട്ടുള്ള നെസ്റ്റ് സിസ്റ്റംസ് & സൊല്യൂഷൻസ് എന്ന സ്ഥാപനത്തിൽ നിന്നുള്ള ടെണ്ടർ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി ഫയലിൽ 30.08.2020 തീയതിയിലെ കെൽട്രോണിൽ നിന്നുള്ള (10 No. ലാപ്ടോപ്പ് - തുക

218300/-) ടാക്സ് ഇൻവോയ്സ് ആണ് ഹാജരാക്കിയിട്ടുള്ളത്. സ.ഉ. (സാധാ) 2956/2018/lsgd പ്രകാരം ലാപ്ടോപ്പിന്റെ വാറന്റി കാലയളവ് 3 വർഷം എന്നത് ഉറപ്പുവരുത്തേണ്ടതാണ്. ടി പർച്ചേസ് നടത്തിയതിന്റെ ഒറിജിനൽ ബിൽ ഹാജരാക്കേണ്ടതാണ്. കൂടാതെ ലാപ്ടോപ്പിന്റെ വാറന്റി കാലയളവ് 3 വർഷം എന്നത് ഉറപ്പുവരുത്തിയതിന്റെ രേഖകളും ഹാജരാക്കേണ്ടതാണ്. ഒറിജിനൽ ബിൽ ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 227030/- രൂപ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി 9/ 14.09.2021)

## 1-30 ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നമ്പർ | 14/19-20 |
| | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണിച്ചർ |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഫിഷറീസ് ഇൻസ്പെക്ടർ |
| അടങ്കൽ | 99075/- (വികസന ഫണ്ട്) |
| ചെലവ് | 99075/- (15 എണ്ണം @ 6605 രൂ.) |
| വൗച്ചർ നമ്പർ/ബിൽ നമ്പർ | 1 / 16.12.2019<br>തുക 99075/- |

പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ 12.07.2019 തീയതിയിലെ 6-ാം നമ്പർ തീരുമാന പ്രകാരം ടെണ്ടറിൽ കുറവ് രേഖപ്പെടുത്തിയിട്ടുള്ള കീർത്തി ഫർണ്ണിച്ചറിൽ നിന്നും മേശയും കസേരയും വാങ്ങി നൽകുന്നതിന് (ആഞ്ഞിലി മേശ - 4812/-, ആഞ്ഞിലി കസേര - 1793/-, ആകെ = 6605/-) തീരുമാനിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം 15 വിദ്യാർത്ഥികൾക്ക് ആനുകൂല്യം നല്കിയിട്ടുണ്ട്.

ടി പദ്ധതിയിൽ ഉൾപ്പെടുത്തി അക്ഷയ് സന്തോഷ് പള്ളത്ത് എന്ന വിദ്യാർത്ഥിക്ക് ഫർണ്ണിച്ചർ നല്കിയിട്ടുണ്ട്. ടിയാന്റെ ആധാർ കാർഡ് പ്രകാരം ജനന വർഷം 2000 ആണ്. സ.ഉ. 22/18 തീയതി ഖ. 7.2.7 പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമാണ് ഫർണ്ണിച്ചർ നല്കേണ്ടത്. ഫർണ്ണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേനയാണ് വിതരണം ചെയ്യേണ്ടത്. ടിയാൻ ഏതു ക്ലാസ്സിലാണ് പഠിക്കുന്നതെന്ന് സംബന്ധിച്ച സ്കൂൾ അധികൃതരുടെ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

കൂടാതെ അഡീഷണൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

1) രശ്മി നന്ദന, D/o മനോജ് കല്ലായിൽ (വാർഡ് 20)

2) അമൽരാജ്, S/o രാജേഷ്, പള്ളാമി (വാർഡ് 19)

3) വിസ്മയ രമേഷ്, കോവിൽ തെക്കേവളപ്പിൽ (വാർഡ് 1)

18.03.2020 ലെ ഫിഷറീസ് ഇൻസ്പെക്ടറുടെ കത്ത് പ്രകാരം ടി ഗുണഭോക്താക്കളെ അംഗീകരിച്ച് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ടി ഗുണഭോക്താക്കളെ ഗ്രാമസഭയിൽ അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. 08.07.2019 ലെ ഭരണസമിതി തീരുമാന പ്രകാരം 7 വാർഡുകളിൽ നിന്ന് 46 പേരുടെ ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. ആയതിൽ 14 പേർക്ക് മുൻവർഷങ്ങളിൽ ആനുകൂല്യം ലഭിച്ചതായി ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി ഗുണഭോക്തൃലിസ്റ്റിലെ ഗുണഭോക്താക്കൾക്ക് നൽകി തീരാതെ പുതിയ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാനിടയായ സാഹചര്യവും വിശദമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 9/ 14.09.2021)

## 1-31 ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഐ.കെ.എം ന് വിഹിതം നല്കൽ എന്ന പ്രോജക്ടിൽ (പ്രോജക്ട് നം. S002/20), ട്രഷറി ബിൽ നം. 10/2019- 20 Dtd. 19.8.19. പ്രകാരം 87490/ - രൂപ ഐ.കെ.എം ന് നല്കിയിട്ടുണ്ട്. ആയതിന്റെ ധനവിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ധനവിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-32 സ്പോർട്ട്സ് കിറ്റ് - പരിധിയിലധികം തുക വിനിയോഗിച്ചു - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച തുക 14926/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

പദ്ധതി നമ്പർ – So 26/20, രജിസ്റ്റേഡ് ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് നല്കൽ.

നിർവ്വഹണ ഉദ്യോഗസ്ഥ – ഹെഡ്മിസ്ട്രസ്, ഗവ. എൽ പി. സ്കൂൾ

അടങ്കൽ - 80000/-

ചെലവ് - 79926/-

ട്രഷറി ബിൽ നം. 4/2019-20 Dtd. 23.3.20. 79926/- ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടത്തിയ മേൽ പ്രോജക്ടിൽ രജിസ്റ്റേഡ് ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് നൽകുന്നതിന്റെ ഭാഗമായി 13 ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് വാങ്ങി നല്കിയിട്ടുണ്ട്. സ്പോർട്ട് സിറ്റി വലപ്പാട് എന്ന സ്ഥാപനത്തിൽ നിന്നുമാണ് ആയത് വാങ്ങി നല്കിയിട്ടുള്ളത്. 14.2.18. ലെ സ.ഉ.(കൈ)22/2018 ത.സ്വ.ഭ.വ. മാർഗ്ഗരേഖ, 26.3.18 ലെ 811/18 ത.സ്വ.ഭ.വ. ഭേദഗതി ഉത്തരവ് എന്നിവ പ്രകാരം ഒരു ക്ലബിന് പരമാവധി 5000 രൂപയുള്ള സാധനങ്ങൾ മാത്രമേ വാങ്ങി നല്കാൻ സാധിക്കുകയുള്ളു. അതായത് 13 ക്ലബുകൾക്ക് 13*5000 = 65000/- മാത്രമേ നൽകാനാവൂ. 14926/- അധികം ചെലവഴിച്ചതായി കാണുന്നു. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച തുക 14926/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 മരുന്നുകൾ ലഭ്യമാകാൻ കാലതാമസം വരുന്നു - സത്വര നടപടി സ്വീകരിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നമ്പർ | 15/20 |
| | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| അടങ്കൽ | 200000/- (മെയിന്റനൻസ് ഫണ്ട് – റോഡിതരം) |
| ചെലവ് | 200000/- |

ബിൽ നമ്പർ. 1/19-20 തീയതി 22.10.2019 പ്രകാരം ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിന് ഹോംകോയ്ക്ക് 2,00,000/- രൂപ കൈമാറിയിട്ടുണ്ട്. 16.12.2019 ൽ രശീതി ലഭിച്ചിട്ടുണ്ട്. ടി മരുന്നുകൾ ലഭിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ | സ്റ്റോക്കിൽ എടുത്ത തീയതി | തുക |
|---|---|---|
| LF 416 / 19.06.2020 | 26.06.20 | 86820/- |
| LF 1852/ 10.12.2020 | 15.12.2020 | 61210/- |
| LF 2203/ 02.02.2021 | 06.02.2021 | 51990/- |

ഇന്റന്റ് നൽകി 2 വർഷത്തോളം കഴിഞ്ഞാണ് മരുന്നുകൾ ഹോംകോയിൽ നിന്ന് ലഭിക്കുന്നത്. മരുന്നുകൾ കൃത്യ സമയത്ത് ലഭിക്കാത്തതുമൂലം സ്റ്റോക്ക് തീരാറായ മരുന്നുകൾക്ക് ഇന്റന്റ് നൽകാനാവാത്ത സ്ഥിതിയാണുള്ളത്. ആശുപത്രിയിൽ മരുന്ന് കാലതാമസമില്ലാതെ ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുവാൻ ഹോംകോയോട് ആവശ്യപ്പെടേണ്ടതാണ്.

## 1-34 എ ബി സി പ്രോഗ്രാമിന് തുക നല്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പദ്ധതി നം – 201/20

അടങ്കൽ –210000/-

ചെലവ് –210000/-

2019-20 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീ ജില്ല മിഷൻ കോർഡിനേറ്ററുടെ 12-7-2019 ലെ 1119/16/കെ എസ്/ടി എസ് നം കത്ത് പ്രകാരം എ ബി സി പദ്ധതിയ്ക്കായി 210000 രൂപ ആവശ്യപ്പെട്ടിരുന്നു. ഇതനുസരിച്ച് 18-1-2020 ന് 210000 രൂപ ട്രഷറിയിൽ നിന്നും കുടുംബശ്രീയിലേയ്ക്ക് നല്കിയിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾ സർക്കാർ ഉത്തരവു പ്രകാരം ഉണ്ടായിരിക്കും എന്നാണ് കുടുംബശ്രീയിൽ നിന്നും അറിയിച്ചിട്ടുള്ളത് എന്നാണ് മറുപടിയിൽ പരാമർശിച്ചിട്ടുള്ളത്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-35 കന്നുകുട്ടി പരിപാലന പദ്ധതി

കന്നുകുട്ടി പരിപാലന പദ്ധതി

പദ്ധതി നം –56/20

അടങ്കൽ –312500/-

ചെലവ് – 312500/-

വൗച്ചർ നം –21901341 തീയതി. 12.07.2019

2019-20 സാമ്പത്തിക വർഷത്തിൽ കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി 312500 രൂപ എസ് എൽ ബി പി യ്ക്ക് മേൽ നം വൗച്ചർ പ്രകാരം നൽകിയിട്ടുണ്ട്. 50 ഗുണഭോക്താക്കളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയിൽ പങ്കാളികളായവരുടെ പേരുവിവരം ഉൾപ്പെടുത്തിയ നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീമതി രജനി പ്രതാപൻ, പദ്ധതിയുടെ ആരംഭം മുതൽ തന്നെ പദ്ധതിയിൽ തുടരുന്നതായി കാണുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 21/16-9-21 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് പശുവിനെയും കുട്ടിയെയും വിറ്റതായാണ് അറിയിച്ചിട്ടുള്ളത്. ഗുണഭോക്താക്കൾ പങ്കാളികളായി തുടരാത്ത പക്ഷം അനുവദിച്ച സബ്സിഡി ബാക്കി നിൽക്കുന്നത് തിരിച്ചടവാക്കേണ്ടതുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് എസ് എൽ ബി പി യിൽ നിന്നും പദ്ധതി പൂർത്തീകരണത്തിന്റെ വിശദാംശവും, മേൽ പദ്ധതിയിൽ നിന്നും ഒഴിവായിട്ടുള്ള ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതം ബാക്കി തുക സർക്കാരിലേയ്ക്ക് അടവാക്കിയതിന്റെ വിവരവും ആവശ്യപ്പെടേണ്ടതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-36 കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല

ബിറ്റുമിൻ, ഇമൽഷനുകൾ എന്നിവ ആവശ്യമായി വരുന്ന റോഡ് പ്രവൃത്തികളിൽ നിലവിലുള്ള സ്പെസിഫിക്കേഷൻ പ്രകാരം പാക്ക്ഡ് ബിറ്റുമിൻ ആണ് ഉപയോഗിക്കുന്നത്. ഇത്തരം സംഗതികളിൽ കാലി ബാരലിന്റെ വിലയായ 238 രൂപയും അതിൻമേലുള്ള ചരക്കുസേവനനികുതിയും ഈടാക്കേണ്ടതാണെങ്കിലും അപ്രകാരം ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (5/13.09.2021) മറുപടിയിൽ ആയത് കരാറുകാരിൽനിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥയായ

അസി. എൻജിനീയർ അറിയിച്ചിട്ടുണ്ട്.

## 1-37 പ്രൈസ് സോഫ്റ്റ് വെയറിൽ അധിക ഓവർഹെഡ് ചാർജ് തയ്യാറാക്കുന്നതുമൂലം അധികച്ചെലവ്

7/5/19 ലെ ത.സ്വ.ഭ. വകുപ്പിന്റെ സ.ഉ.(എം.എസ്)74/14 നമ്പർ ഉത്തരവിൽ 5% ഓവർഹെഡ് ചാർജ് ആണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ത.സ്വ.ഭ.വകുപ്പ് സ്ഥാപനങ്ങളിലെ മരാമത്ത് പണികൾക്ക് വേണ്ടി PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റുകളിൽ 10% ഓവർഹെഡ് ചാർജ് ആണ് അനുവദിച്ചിട്ടുള്ളത്. ഇതിൻമേൽ 10% കോൺട്രാക്റ്ററുടെ ലാഭം കൂടി ഉൾപ്പെടുത്തുമ്പോൾ കരാറുകാർക്ക് അധികതുക ലഭിക്കുന്നുണ്ട്. ഇക്കാര്യം ചീഫ് എൻജിനീയറുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നുള്ള 4/13.09.21 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ നിർവഹണോദ്യോഗസ്ഥയായ അസി. എൻജിനീയർ പ്രൊജക്റ്റുകൾക്ക് സാങ്കേതികാനുമതി നൽകുന്ന അസി. എക്സി. എൻജിനീയറുടെ ശ്രദ്ധയിൽ കൊണ്ടുവരാമെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ 4/13.09.21 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ CPWD നിരക്ക് പ്രകാരം 10% കരാറുകാരന്റെ ലാഭവും 5% ഓവർഹെഡ് ചാർജ് നിരക്കിൽ അടങ്കൽ തയ്യാറാക്കുമ്പോഴുള്ള നിരക്ക് Mord സ്പെസിഫിക്കേഷൻ പ്രകാരം 10% ഓവർഹെഡ് ചാർജ്, 10% കോൺട്രാക്റ്ററുടെ ലാഭം എന്നിവ ചേർത്താലുണ്ടാകുന്ന തുകയേക്കാൾ അധികമാണെന്നും എന്നിരുന്നാലും ഇത് ബ്ലോക്ക് കാര്യാലയത്തിലെ അസി. എൻജിനീയറുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്.

## 1-38 തൊഴിലുറപ്പുപദ്ധതി - അവലോകനം

മുന്നിരിപ്പടക്കം തൻവർഷം വരവു വന്ന 30833184 രൂപയിൽ 30833116 രൂപയും ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്.

393 പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതിൽ 134 പ്രൊജക്റ്റുകളാണ് തൻവർഷം പൂർത്തീകരിച്ചത്. 5405 കുടുംബങ്ങൾ തൊഴിൽ കാർഡ് എടുത്തതിൽ 446 കുടുംബങ്ങൾക്കാണ് തൻവർഷം നൂറ് തൊഴിൽദിനങ്ങൾ ലഭിച്ചത്. 13616532 രൂപയുടെ ഭൂവികസനപ്രവർത്തനങ്ങളാണ് മുഖ്യമായും നടന്നിട്ടുള്ളത്. 5311152 രൂപയുടെ ചെറുകിടജലസേചന പ്രൊജക്റ്റുകളും നടപ്പാക്കി. ഗ്രാമീണറോഡുകളുടെ നിർമാണത്തിനായി 4856269 രൂപയും ചെലവഴിച്ചു. 11 സ്ഥിര ആസ്തികൾ തൻവർഷം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഏറ്റെടുക്കുന്ന പരമാവധി പ്രൊജക്റ്റുകൾ പൂർത്തീകരിക്കാനും കൂടുതൽ തൊഴിൽ കാർഡ് എടുത്തിട്ടുള്ള പരമാവധി കുടുംബങ്ങൾക്ക് നൂറ് ദിവസത്തെ തൊഴിൽ നൽകുവാനും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-39 ക്വാറിമക്ക് - തൊഴിലുറപ്പുപദ്ധതി നിരക്കും പൊതുമരാമത്തു നിരക്കും തമ്മിൽ ഗണ്യമായ അന്തരം

അസി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുന്ന, റോഡ് പണിക്കായി ഉപയോഗിക്കുന്ന ക്വാറിമക്കിനുള്ള നിരക്ക് ഡാറ്റ 51.2.3 പ്രകാരം ഘനമീറ്ററിന് 891.01 രൂപയാണ്. എന്നാൽ തൊഴിലുറപ്പുപദ്ധതിക്കായി ഉപയോഗിക്കുന്ന ക്വാറിമക്കിന്റെ നിരക്ക് ഘനമീറ്ററിന് ഒബ്സർവ്ഡ് ഡാറ്റ പ്രകാരം 1262.788/1262.79 രൂപയാണ്. രണ്ടു നിരക്കും തമ്മിലുള്ള വ്യത്യാസം 371.78 രൂപ, അതായത് പഞ്ചായത്തിലെ മരാമത്ത് പണികൾക്ക് ഉപയോഗിക്കുന്ന ക്വാറി മക്കിന്റെ നിരക്കിനേക്കാൾ 41.72% അധികമാണ് തൊഴിലുറപ്പ് പദ്ധതിയിൽ അനുവദിക്കുന്നത്. ഒരേ സ്ഥാപനത്തിൽ തന്നെ രണ്ട് വ്യത്യസ്ത നിരക്ക് പിൻതുടരുന്നത് അംഗീകരിക്കാവുന്നതല്ല. തൊഴിലുറപ്പു പദ്ധതിക്കായി ഉപയോഗിച്ച ക്വാറിമക്കിന്റെ അളവ്, അനുവദിച്ച തുക, മരാമത്തുവിഭാഗത്തിലായിരുന്നുവെങ്കിൽ വരുമായിരുന്ന ചെലവ് എന്നിവ സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ. നം | പ്രവൃത്തിയുടെ പേര് | അളവുപുസ്തകം | ചെയ്ത അളവ് | നല്കിയ തുക | പൊതു മരാമത്ത് ഡാറ്റ പ്രകാരമായിരുന്നുവെങ്കിൽ വരുമായിരുന്ന ചെലവ് | ചെലവിലെ അന്തരം |
|---|---|---|---|---|---|---|
| 1 | പാലപ്പെട്ടി ടെമ്പിൾ ലിങ്ക് റോഡ് സെക്കന്റ് റീച്ച് | 100/19-20 | 69 $M^3$ | 87132.51 | 61479.69 | 25653 |
| 2 | ധർമവിലാസം ലിങ്ക് റോഡ് കോൺക്രീറ്റിംഗ് | 9/19-20 | 61.36$m^3$ | 77484.79 | 54672.37 | 22812 |
| 3 | വി.ബി.പണിക്കർ റോഡ് കോൺക്രീറ്റിംഗ് | 102/19-20 | 57 $M^3$ | 71979.03 | 50787.57 | 21191 |
| 4 | പയച്ചോട് മുരിയാംതോട് ലിങ്ക് റോഡ് കോൺക്രീറ്റിംഗ് | 8/19-20 | 74.78$m^3$ | 94431.44 | 66629.73 | 27802 |
| 5 | പാലപ്പെട്ടി ടെമ്പിൾ ലിങ്ക് റോഡ് കോൺക്രീറ്റിംഗ് | 99/19-20 | 73.80$m^3$ | 93193.90 | 65756.54 | 27437 |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | | | | | | 124895 |

ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന അസി. എൻജിനീയർ ചെയർമാനായുള്ള ടെക്നിക്കൽ സമിതിയാണ് തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നല്കുന്നത് എന്നുള്ളതിനാൽ ഇത്തരം അപാകത അടിയന്തിരമായി പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 പദ്ധതിപ്രവർത്തനവും പദ്ധതിച്ചെലവും - ക്രിയാത്മക നടപടികൾ പദ്ധതിപ്രവർത്തനങ്ങളിൽ അവലംബിക്കേണ്ടതാണ്

പൊതുമരാമത്ത് പ്രവൃത്തികളിൽ തൻവർഷം 93 പ്രൊജക്ടുകൾ ആവിഷ്കരിച്ചതിൽ കേവലം 44 പ്രൊജക്ടുകൾക്ക് വേണ്ടി മാത്രമാണ് തുക ചെലവിടാൻ കഴിഞ്ഞത് (47.31%). 44240665 രൂപ അടങ്കലുള്ള പദ്ധതികളാണ് ആവിഷ്കരിച്ചത്. ഇതിൽ 14847067 (33.56%) രൂപ മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. അടുത്ത വർഷം പദ്ധതി പ്രവർത്തനത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കോവിഡ് രോഗഭീഷണി നിലനിന്നതിനാൽ മാർച്ച് മാസത്തിൽ കാര്യമായി തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. ഓരോ പാദവർഷത്തിലും ആനുപാതികമായി ചെലവ് ചെയ്തിരുന്നുവെങ്കിൽ തീർച്ചയായും പദ്ധതി പ്രവർത്തനത്തിൽ കാര്യമായ നേട്ടം കൈവരിക്കാൻ സാധിക്കുമായിരുന്നു. ആവിഷ്കരിക്കുന്ന പദ്ധതികളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന നിശ്ചയത്തോടെ പ്രവർത്തിച്ച് ലക്ഷ്യപ്രാപ്തി കൈവരിക്കാനാവശ്യമായ ക്രിയാത്മക നടപടികൾ പദ്ധതിപ്രവർത്തനങ്ങളിൽ അവലംബിക്കേണ്ടതാണ്.

## 1-41 ആസ്തി രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ആസ്തിരജിസ്റ്ററിൽ ഒട്ടും തന്നെ സ്ഥിരാസ്തി മൂല്യം പ്രതിഫലിക്കുന്നില്ല. ഉദാഹരണമായി റോഡുകളുടെ അറ്റകുറ്റപ്പണി നടത്തിയതിന്റെ വിവരം, കൂട്ടിച്ചേർക്കലുകൾ നടത്തിയത്, തേയ്മാനം എന്നിവയൊന്നും തന്നെ ആസ്തി രജിസ്റ്ററിൽ കാലികമായി എഴുതി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1. നന്മ റോഡ്

പ്രസ്തുത റോഡിൽ ഇന്റർലോക്കിങ് കട്ട വിരിക്കുന്നതിനായി തൻവർഷം താഴെ കാണിക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നം | തുക |
|---|---|
| 33/25/10/19 | 648647 |
| 34/25/10/19 | 119000 |
| ആകെ | 767647 |

എന്നാൽ ആസ്തി രജിസ്റ്റർ പ്രകാരം പ്രസ്തുത റോഡ് 610 മീറ്റർ നീളമുള്ള കച്ച റോഡ് (പരുവപ്പെടുത്താത്ത റോഡ്) ആണ്. മേൽപറഞ്ഞ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പ്രസ്തുത റോഡിൽ 200 മീറ്റർ നേരത്തെ തന്നെ ടാർ ചെയ്തിട്ടുള്ളതും തുടർന്നുവരുന്ന 450 മീറ്റർ വരെയുള്ള ഭാഗം ഇന്റർലോക്കിങ് കട്ട വിരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതുമായിരുന്നു.

2. ഹൈസ്കൂൾ മീൻചന്ത കോതകുളം ലിങ്ക് റോഡ്

ആസ്തി രജിസ്റ്റർ പ്രകാരം 750 മീറ്റർ നീളമുള്ള പരുവപ്പെടുത്താത്ത ഒരു റോഡാണിത്. എന്നാൽ 1082134 രൂപ ചെലവിൽ മെയിന്റനൻസ് പ്രവൃത്തി നടത്തിയ ഈ റോഡിനുവേണ്ടി (നേരത്തെ തന്നെ ഇത് ടാറിട്ട റോഡായിരുന്നു.) ബിൽ നം. 19/21.08.19 പ്രകാരം അന്തിമബിൽ ആയി സാമ്പത്തികവർഷം 901531 രൂപ ചെലവഴിച്ചിരുന്നു. 24/5/19 ൽ പ്രസ്തുത പണി പൂർത്തീകരിച്ചതുമാണ്.

മേൽപ്പറഞ്ഞ പ്രവൃത്തികളുടെ വിവരം ആസ്തി രജിസ്റ്ററിൽ ചേർക്കാത്തതുകൊണ്ടാണ് സ്ഥിരാസ്തികളുടെ മൂല്യം പ്രതിഫലിക്കാത്തതിന് കാരണമാകുന്നത്. രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതും ആയത് എത്രയും വേഗം കാലികമാക്കുന്നതിനുവേണ്ടിയുള്ള ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതാണെന്നുള്ള 4/17.09.21 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഇക്കാര്യം എത്രയും വേഗം ടെക്നിക്കൽ അസിസ്റ്റന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുമെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻബാക്കി | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 0 | 2019-20 | 200000 | ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| | 144316 | 2019-20 | 579800 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും 33/20 | 575500<br>144316 (ROP) | 4300 |
| | 200354 | 2019-20 | 600000 | ബാല സൗഹൃദ ജില്ല – അനുപൂരക പോഷകാഹാര പരിപാടി | 600000<br>174512 (ROP) | 25842 |
| | 70626 | 2019-20 | 846631 | ലൈഫ് മിഷൻ - 49/20 | 432311 | 484946 |
| | 0 | 2019-20 | 63000 | കറവ പശുക്കൾക്ക് കാലിത്തീറ്റ 61/20 | 63000 | 0 |
| | 100000 | 2019-20 | 0 | അംഗൻവാടിയിലേയ്ക്ക് വാട്ടർപ്യൂരിഫയർ വാങ്ങൽ 146/20 | 88200<br>11800 (ROP) | 0 |
| | | 2019-20 | 100000 | നെൽകൃഷി കൂലി ചെലവ് നൽകൽ 209/20 | 100000 | 0 |
| | 300000 | | 0 | വേസ്റ്റ് മാനേജ്മെന്റ് | 0 | 300000 |
| | 300000 | | 0 | സബ്സിഡി ഓട്ടോറിക്ഷ | 300000 (ROP) | 0 |
| | 27629 | | 0 | സ്ലീപ്പിംഗ് ബെഡ് ഫോർ അംഗൻവാടി ചിൽഡ്രൻ | 27629 (ROP) | |
| ആകെ | 1142925 | | 2389431 | | 2059011<br>658257 (ROP) | 815088 |
| ജില്ലാ പഞ്ചായത്ത് | 207300 | | | | 207300 (ROP) | 0 |
| | 468809 | | | ലൈഫ് മിഷൻ-49 | 468809 | 0 |
| | 0 | 2019-20 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും 33/20 | 200000 | 0 |
| | 0 | 2019-20 | 200000 | സുജലം കിണർ റീചാർജ്ജിംഗ് | 0 | 200000 |
| ആകെ | 676109 | | 400000 | | 668809<br>207300 (ROP) | 200000 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ | പ്രവർത്തിയുടെ | ഒ | വൗച്ചർ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|---|

| ഏജൻസി | പേര് | ബി | നം. / ചെക്ക്നം | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| അനർട്ട് | സൌരോർജ്ജ പാനൽ സ്ഥാപിക്കൽ പ്രോജക്റ്റ് നം - 76/20 | 0 | | 1524600 | 0 | 1524600 |
| വാട്ടർ അതോറിറ്റി | | 540000 | | 0 | 0 | 540000 |
| കെ എസ് ഇ ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ പ്രോജക്റ്റ് നം - 09/20 | 1176752 | 21900977/ 27.07.2019 | 119180 | 1295932 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

<table>
<tr><td>1</td><td>വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം</td><td colspan="3">1,41,80,308</td></tr>
<tr><td>2</td><td>തൻവർഷം നിക്ഷേപിച്ച തുക</td><td colspan="3">പലിശ – 12,01,989*</td></tr>
<tr><td>3</td><td>ആകെ</td><td colspan="3">1,53,82,297</td></tr>
<tr><td>4</td><td>തന്നാണ്ടിൽ പിൻവലിച്ച തുക</td><td colspan="3">0</td></tr>
<tr><td>5</td><td>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം</td><td colspan="3">1,53,82,297</td></tr>
<tr><td rowspan="5">6</td><td rowspan="5">വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം</td><td colspan="2">നിക്ഷേപത്തിന്റെ വിവരം</td><td rowspan="5">തുക 1,53,82,297</td></tr>
<tr><td>TDCB Tripayar</td><td>16,24,314</td></tr>
<tr><td>-Do-</td><td>50,55,994</td></tr>
<tr><td>VSCB Valapad</td><td>50,00,000</td></tr>
<tr><td>-Do-</td><td>25,00,000</td></tr>
</table>

*1201989/- രൂപ സ്ഥിരനിക്ഷേപം നടത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 4-6 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം, ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2015-16 | | 2-2 | സ്ഥാപന തൊഴിൽ നികുതി നിർണ്ണയം നടത്തിയിട്ടുള്ളത് എന്തിന്റെ അടിസ്ഥാനത്തിലാണ്. | അനന്തര കുറിപ്പ് പ്രകാരം ഒഴിവാക്കിയിട്ടുണ്ടെങ്കിലും സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതിനാൽ പരാമർശം തുടരുന്നു. |
| 2015-16 | | 2-4 | സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല - ബി എസ് എൻ എൽ വലപ്പാട്, കെ എസ് ഇ | ടി സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് കത്ത് നല്കിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | ബി വലപ്പാട്, കെ എസ് ഇ ബി തൃപ്രയാർ എന്നീ സ്ഥാപനങ്ങൾ 2015-16 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | |

## 4-7 ഓഡിറ്റ് റിക്കവറി

2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2(1) പ്രകാരം പെർമിറ്റ് ഫീ ഇനത്തിൽ കുറവ് വന്ന 377/- രൂപ 119100102597 തിയ്യതി 20.07.2019 രശീത് പ്രകാരം ഒടുക്കിയിട്ടുണ്ട്.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 72623817 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70763597 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 241956 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 227030/- | ജീന ഗോപിനാഥ്, ഫിഷറീസ് ഇൻസ്പെക്ടർ |
| 1-32 | 14926/- | രജനി കെ പി, ഹെഡ്മിസ്ട്രസ്, ജി എഫ് യു പി എസ് |
| ആകെ | 241956/- | |

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല |

(ഡി). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല.

(എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

1. ജീന ഗോപിനാഥ്, വൃന്ദാവൻ, വായനാകം, ഞക്കനാൽ പി ഒ, ഓച്ചിറ, കൊല്ലം
2. രജനി കെ പി, കിഴക്കേടത്ത് കളപ്പുരക്കൽ, പെരിഞ്ഞനം പി ഒ, തൃശ്ശൂർ

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽനിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|
| 1984-85 | എൽ.എഫ്.ടി.പി1-1902/11/ 24.10.11/10.01.12 | |
| 85-86 | -ടി- | |
| 86-87, 87-88 | -ടി- | |

| | | |
|---|---|---|
| 88-89, 89-90 | -ടി- | |
| 90-91 | -ടി- | |
| 91-92 | -ടി- | |
| 92-93 | -ടി- | |
| 93-94 | -ടി- | |
| 94-95 | -ടി- | |
| 95-96 | -ടി- | |
| 96-97 | എൽ.എഫ്.ടി.13-610/98/10.02.98 | |
| 97-98 | എൽ.എഫ്.ടി.14-1288/99/22.06.00 | |
| 97-98 | എൽ.എഫ്.ടി.14-1117/02/05.02.03 | |
| 98-99 | എൽ.എഫ്.ടി.14-1118/02/08.12.02 | |
| 98-99 | എൽ.എഫ്.ടി.14-1154/02/18.11.00 | |
| 99-00 | എൽ.എഫ്.ടി.14-1119/02/16.12.02 | |
| 00-01, 01-02 | എൽ.എഫ്.ടി.14-1541/03/06.03.04 | |
| 02-03 | എൽ.എഫ്.ടി.14-871/06/31.05.06 | |
| 03-04 | എൽ.എഫ്.ടി.14-1801/08/11.12.09 | |
| 04-05 | എൽ.എഫ്.ടി.14-1881/08/11.12.09 | |
| 05-06 | എൽ.എഫ്.ടി.14-398/10/16.09.10 | |
| 06-07 | എൽ.എഫ്.ടി.14-399/10/19.03.11 | |
| 07-08 | എൽ.എഫ്.ടി.14-1145/10/25.05.11 | |
| 08-09 | എൽ.എഫ്.ടി.14-1146/10/03.06.11/29.06.11 | |
| 09-10 | എൽ.എഫ്.ടി.(പി1)252/12/07.07.12 | |
| 10-11 | എൽ.എഫ്.ടി.(പി1)-253/12/29.06.12/05.10.12 | |
| 11-12 | എൽ.എഫ്.ടി.പി1.711/13,15.01.2014/12.03/2014 | |
| 12-13 | എൽ.എഫ്.ടി.പി.1-1539/2014 /01.12.14 | |
| 13-14 | കെ.എസ്.എ-ടി.എ.സ്.ആർ.പി.1/23/ 16/15.01.16/06.02.16 | |
| 14-15 | കെ.എസ്.എ-ടി.എ.സ്.ആർ.പി.1/1033/ 16/28.6.16 | |
| 15-16 | കെ.എസ്.എ-ടി.എ.സ്.ആർ.പി.1/2010/16/15.12.16 | |
| 16-17 | കെ.എസ്.എ-ടി.എ.സ്.ആർ.പി.1/1757/17 തീ 4.12.2017 | - |
| 17-18 | കെ.എസ്.എ-ടി.എ.സ്.ആർ.പി.1/1813/18 തീ. 21.02.2019 | |
| 18-19 | കെ.എസ്.എ-ടി.എ.സ്.ആർ.പി.1/689/2020 തീ. 28.07.2020 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്